പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2846 — 13-03-2018-ലെ മറുപടിയ്ക്ക്

**കാലാവസ്ഥാ വ്യതിയാനം നിമിത്തം കാർഷിക വരുമാനത്തിൽ ഇടിവ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കാലാവസ്ഥാ വ്യതിയാനം നിമിത്തം കാർഷിക വരുമാനത്തിൽ എത്ര കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | **(എ)** പ്രഥമ വിവര റിപ്പോർട്ട് പ്രകാരം 301.8 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. |
| **(ബി)** ജലസേചന സൗകര്യം തീരെ ഇല്ലാത്ത മേഖലകളിൽ സൗകര്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ രണ്ട് വർഷങ്ങളായി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | **(ബി)** ജലസംരക്ഷണത്തിനും ജല പുനരുപയോഗത്തിനും ആവശ്യമായ ബോധവൽക്കരണം കർഷകർക്ക് പഞ്ചായത്തടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ട്. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തണ്ണീർതടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പാടശേഖരങ്ങളിൽ തടയണകൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുന്നതിനും, മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്യുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

**സെക്ഷൻ ഓഫീസർ**